പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5925 28.03.2018- ൽ മറുപടിയ്ക്ക്

## വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം

ചോദ്യം | മറുപടി

ശ്രീ.മുഹമ്മദ് മുഹസിൻ.പി. | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | നിലവിൽ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>1. കുടുംബവിഹിതമോ മാതാവിന്റെയോ, പിതാവിന്റെയോ, ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിൽ ഉള്ളത്, വസ്തു, ആഭരണം, ധനം ഉൾപ്പെടെ 50,000/- രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് ധനസഹായം നൽകാവുന്ന താണ്.<br>2. വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷക ളിന്മേൽ കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് അധികാരം ഉണ്ടായിരിക്കും. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ ആദ്യം പരിഗണിച്ച് ആനുകൂല്യം നൽകിയ ശേഷമായിരിക്കണം വൈകി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ആനുകൂല്യം നൽകേണ്ടത്. |

| | | | |
|---|---|---|---|
| | | | 3. പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 22000/- രൂപയും നഗരപ്രദേശ-ങ്ങളിൽ 22375/- രൂപയും താഴെ ആയിരിക്കണം. |
| (ബി) | വരുമാന പരിധി മറ്റു ധനസഹായം ലഭിക്കുന്ന പദ്ധതികളെക്കാൾ ഏറ്റവും കുറവായത് ഈ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമാവുന്നുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുമാന പരിധി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാന പരിധി ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ